കേന്ദ്രഗവണ്മെൻറിൽ സഹായാഭ്യർത്ഥന.

*652. [12] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിലെ അദ്ധ്യാപകശമ്പളം വർദ്ധിപ്പിക്കുന്നതിനു ഈ ഗവണ്മെൻറു് കേന്ദ്രഗവണ്മെൻറിനോടു് സഹായാഭ്യർത്ഥന നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റി വല്ല തീരുമാനവും ഉണ്ടായിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്.

(ബി) അനുഭാവപൂർവ്വം പരിശോധിക്കുമെന്ന മറുപടി കിട്ടിയിട്ടുണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : എന്നാണു് ഇങ്ങനെ മറുപടി കിട്ടിയിട്ടുള്ളതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തീയതി ഓർമ്മയില്ല. മുൻ ഗവണ്മെൻറു്, ശ്രീ. പട്ടം താണുപിള്ള മുഖ്യമന്ത്രിയായിരിക്കുമ്പോൾ അങ്ങേത്തിൻറെ ഗവണ്മെൻറു് ഇതുപോലെയൊരു നിവേദനം നടത്തിയിട്ടുണ്ടു്. ഈ ഗവണ്മെൻറും നടത്തിയിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : ഇതിനെപ്പറ്റി പ്രത്യേക പരിഗണന നൽകുന്നതല്ല എന്നു് നിർദ്ദേശം കിട്ടിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ കിട്ടിയതായി ഓർമ്മയില്ല.

ശ്രീ. എ. താണുപിള്ള : സെൻട്രൽ ഗവണ്മെൻറിൻറെ മറുപടി എന്തായിരുന്നു ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അനുഭാവപൂർവ്വം ആലോചിക്കാം എന്നു്.

ശ്രീമതി ഇന്ദിരാഗാന്ധിയുടെ സന്ദർശനം.

*653. [13] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീമതി ഇന്ദിരാഗാന്ധി ഈ അടുത്ത കാലത്തു സംസ്ഥാനം സന്ദർശിച്ചതു് കേന്ദ്രഗവണ്മെൻറിൻറെയോ സംസ്ഥാനഗവണ്മെൻറിൻറെയോ നിർദ്ദേശമനുസരിച്ചാണോ;

(ബി) ഈ സന്ദർശനം ഗവണ്മെൻറിൻറെ പ്രവർത്തനപദ്ധതികളുമായി വല്ല ബന്ധവുമുണ്ടോ;

(സി) ഇവർ സംസ്ഥാനാതിഥിയായിട്ടാണോ ഇവിടെ പര്യടനം നടത്തിയിട്ടുള്ളതു് ;

(ഡി) അങ്ങനെയാണെങ്കിൽ ഈ വകയിൽ എന്തു തുക ചെലവായി ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ശ്രീമതി ഇന്ദിരാഗാന്ധി അടുത്തകാലത്തു സംസ്ഥാനം സന്ദർശിച്ചതു് കേന്ദ്രഗവണ്മെൻറിന്റെയോ, സംസ്ഥാനഗവണ്മെൻറിന്റെയോ നിർദ്ദേശമോ, ആവശ്യമോ, ആലോചനയോ ആയിരുന്നില്ല.

(ബി) ഈ സന്ദർശനത്തിനു് ഗവണ്മെൻറിന്റെ പ്രവർത്തനപരിപാടികളുമായി യാതൊരു ബന്ധവുമില്ല.

(സി) ശ്രീമതി ഇന്ദിരാഗാന്ധി സംസ്ഥാനാതിഥിയായിട്ടല്ല ഇവിടെ പര്യടനം നടത്തിയിട്ടുള്ളതു്.

(ഡി) ഈ പര്യടനത്തിനു് ശ്രീമതി ഇന്ദിരാഗാന്ധിക്കു് എന്തു ചെലവായി എന്നു ഗവണ്മെൻറിനു് അറിവില്ല. (ചിരി)

ബോർഡിലെ അംഗങ്ങൾ.

* 654. [14] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റോറേജ് പ്ലാനിംഗ് അഡൈവസറി ബോർഡിന്റെ അംഗങ്ങൾ ആരെല്ലാം;

(ബി) ആ ബോർഡ് രൂപീകരണത്തിൽ കേന്ദ്രഗവണ്മെൻറ് വല്ല നിർദ്ദേശവും വയ്ക്കുകയുണ്ടായിട്ടുണ്ടോ ;

(സി) ഈ ബോർഡു പ്രവർത്തനത്തിനു് ആകെ എന്തു തുക ഇതുവരെ ചെലവായിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) സ്റ്റോറേജ് പ്ലാനിംഗ് അഡൈവസറി ബോർഡിന്റെ അംഗങ്ങൾ താഴെ പറയുന്നവരാണു്.

മെമ്പേഴ്സ് : 1. സി. പി. മാത്യു, എം. പി.
2. ടി. വി. തോമസ്, എം. എൽ. എ.
3. ടി. കെ. ദിവാകരൻ, എം. എൽ. എ.
4. എം. രാഘവൻ നായർ, എം. എൽ. എ.
5. എ. നേശമണി, എം. പി.
6. കെ. ബാലകൃഷ്ണമേനോൻ, വടക്കാഞ്ചേരി.
7. മഞ്ഞുനാഥപ്രഭു, എം. എൽ. എ.
8. എ. സുലൈമാൻസേട്ട്, ആലപ്പുഴ.
9. എം. കെ. മേനോൻ, ചേർപ്പു്.
10. ടി. എ. അബ്ദുള്ള.
11. കെ. എം. മാണ്ടി, എം. എൽ. എ.

ഇവരെ കൂടാതെ സ്റ്റോറേജ് പ്ലാനിംഗ് അഡൈവസറി ബോർഡിന്റെ മീറ്റിംഗ് നടന്നിട്ടുള്ളപ്പോഴെല്ലാം ശ്രീ. പട്ടം താണുപിള്ളയും, ശ്രീ. പി. എസ്സു്. നടരാജപിള്ളയും പ്രത്യേകം ക്ഷണിക്കപ്പെട്ടു അയച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly